നം.എസ് 4/121112/എം.എൻ.എസ്./2010/11/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം(അനക്സ്),
തിരുവനന്തപുരം,
തീയതി: 12.2010

## വിജ്ഞാപനം

2010–മാർച്ചിൽ എസ്.എസ്.എൽ.സി.യ്ക്ക് സംസ്ഥാന സിലബസിൽ പഠിച്ച് വിജയിച്ച് +1എച്ച്.എസ്.സി/+1വി.എച്ച്.എസ്.സി./ഡിഗ്രി(ARTS &SCIENCE COLLEGES ONLY) ഒന്നാം വർഷം. എന്നിവയിൽ സർക്കാർ /എയ്ഡഡ് സ്ഥാപനങ്ങളിൽ ഏതിലെങ്കിലും തുടർന്ന് പഠിക്കുന്ന പിന്നോക്ക സമുദായങ്ങളിലേയും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുന്നോക്ക സമുദായങ്ങളിലേയും കേരളത്തിൽ സ്ഥിര താമസമാക്കിയവരുമായ വിദ്യാർത്ഥിനികളിൽ നിന്നും മുസ്ലീം /നാടാർ സ്കോളർഷിപ്പിന് ഓൺ ലൈൻ വഴി അപേക്ഷകൾ ക്ഷണിക്കുന്നു.

അപേക്ഷകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ് സൈറ്റായ www.dcescholarship.kerala.gov.in–ൽ Muslim/ Nadar Girls Scholarship (MNS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് 01/01/2011 തീയതി മുതൽ ഓൺ ലൈനായി സമർപ്പിക്കാം.

1) **യോഗ്യതകൾ**

a) 2010–മാർച്ചിൽ എസ്.എസ്.എൽ.സി.യ്ക്ക് സംസ്ഥാന സിലബസിൽ പഠിച്ച് വിജയിച്ചിരിക്കണം.

b) അപേക്ഷകർ 2010–11 അദ്ധ്യയന വർഷത്തിൽ +1 നോ അല്ലെങ്കിൽ ഡിഗ്രി ഒന്നാം വർഷത്തിലോ ചേർന്ന് പഠിക്കുന്നവരായിരിക്കണം.

2) **സ്കോളർഷിപ്പ് തുക**

**VHSC/HSC/Degree** എന്നീ തലത്തിലുള്ളവർക്ക് പ്രതിവർഷം 125/– രൂപയാണ് സ്കോളർഷിപ്പ് തുക

3) **വരുമാനപരിധി**

**രൂപ 18000/–**

4) **ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ**

a) അപേക്ഷകർക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻ കൂർ (SBT)-ൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.

b) മറ്റേതെങ്കിലും സ്കോളർഷിപ്പോ/ ഫീസാനുകൂല്യങ്ങളോ കൈപ്പറ്റുന്നവർ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹരല്ല.

c) വിദ്യാർത്ഥിനി കേരളത്തിലെ സ്ഥിര താമസക്കാരി ആയിരിക്കണം.

5) **അപേക്ഷിക്കേണ്ട രീതി**

a) വിദ്യാർത്ഥിനികൾക്ക് അപേക്ഷകൾ ഓൺ ലൈനായി 01/01/2011 മുതൽ സമർപ്പിക്കാവുന്നതാണ്. ഇതിനായി

1) www.dcescholarship.kerala.gov.in എന്ന വെബ് സൈറ്റിൽ Muslim/ Nadar Girls Scholarship (MNS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

2) Apply On line -ൽ ക്ലിക്ക് ചെയ്യുക.

3) മറ്റ് സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ വച്ച് Candidate login ചെയ്യുക.

4) അല്ലെങ്കിൽ New Registration-ൽ ക്ലിക്ക് ചെയ്ത് Register ചെയ്ത് Submit ക്ലിക്ക് ചെയ്യുക.

5) സ്കോളർഷിപ്പ് പേജിൽ MNS എന്ന Tab -ൽ ക്ലിക്ക് ചെയ്യുക

6) നല്കിയ വിവരങ്ങൾ ശരിയെങ്കിൽ വീണ്ടും Submit ക്ലിക്ക് ചെയ്യുക.

b) **ഓൺലൈനിലൂടെ അപേക്ഷ നല്കിയതിനു ശേഷം View/Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫാമിന്റെ പ്രിന്റ് ഔട്ട് എടുത്തിരിക്കണം.**

c) രജിസ് ട്രേഷൻ ഫാമിന്റെ Print Out ഭാഗം 5-ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥിനി ഇപ്പോൾ പഠിക്കുന്ന സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

d) വിദ്യാർത്ഥിനി സമർപ്പിക്കുന്ന രേഖകളും രജിസ് ട്രേഷൻ പ്രിന്റ് ഔട്ടും ഓൺ ലൈൻ വഴി സ്ഥാപന മേധാവിയോ, അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്തനോ പരിശോധിക്കേണ്ടതാണ് (Verification )

e) സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപന മേധാവി ഓൺ ലൈൻ വഴി അംഗീകരിച്ചിരിക്കണം(Approval).

f) അപേക്ഷകൾ അതാത് സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഇൻസ്പെക്ഷൻ ടീമിന്റെ പരിശോധനയ്ക്ക് ഇവ വിധേയമാക്കേണ്ടതാണ്.

6) **<u>സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട രേഖകൾ</u>**

a) അപേക്ഷകയുടെ ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിന്റ് ഔട്ട്.

b) എസ്.എസ്.എൽ.സി. മാർക്ക് ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

c) നേറ്റിവിറ്റി സർട്ടിഫിക്കറ്റ്(ഒർജിനൽ)

d) അപേക്ഷകയുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്(പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോട്, ബ്രാഞ്ചിന്റെ അഡ്രസ്, ഇവ ഉൾപ്പെട്ടിരിക്കണം. )

e) വരുമാന സർട്ടിഫിക്കറ്റ് (ഒർജിനൽ)

f) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള **BPL** സർട്ടിഫിക്കറ്റ് (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയപകർപ്പ്.) (ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുന്നോക്ക സമുദായങ്ങളിലെ വിദ്യാർത്ഥിനികൾക്ക്മാത്രം. )

**g)** പിന്നോക്ക സമുദായങ്ങളിലെ വിദ്യാർത്ഥിനികൾ കമ്മ്യൂണിറ്റി സർട്ടിഫിക്ക്റ്റ്കൂടി ഹാജരാക്കണം (ഒർജിനൽ)

## 7. <u>തെരഞ്ഞെടുപ്പ് രീതി</u>

a) 18000/- രൂപ വരുമാന പരിധിയിൽ കവിയാത്ത മുഴുവൻ അപേക്ഷകളും പരിഗണിക്കും.

b) പിന്നോക്ക് സമുദായങ്ങളിലേയും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുന്നോക്ക സമുദായങ്ങളിലേയും കേരളത്തിൽ സ്ഥിര താമസമാക്കിയ 2010–11–ൽ എയ്ഡഡ് / സർക്കാർ ഹയർ സെക്കന്ററി / വൊക്കേഷണൽ ഹയർ സെക്കന്ററി / ആർട്സ് & സയൻസ് കോളേജുകളിൽ പ്രവേശനം നേടിയവരും ആയ പെൺ കുട്ടികളെ പരിഗണിക്കും

9) **അവസാന തീയതികൾ**

a) ഓൺ ലൈനായി അപേക്ഷ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി 15/01/2011

b) രജിസ്ട്രേഷൻ പ്രിന്റ് ഔട്ടും മറ്റ് അനുബന്ധ രേഖകളും സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട തീയതി 16/01/2011

_ c)സ്ഥാപന മേധാവി കൾ സൂക്ഷ്മ പരിശോധനകള്ക്ക ശേഷം ഓൺ ലൈൻ വഴി അപേക്ഷകൾ അംഗീകരിക്കേണ്ട അവസാന തീയതി 20/01/2011.

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ

AL/22/12